**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5995** **25-03-2025 - ൽ മറുപടിയ്ക്ക്**

**കയർ-നെൽ കർഷകരുടെ ഉന്നമനത്തിനായുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിലെ കയർ തൊഴിലാളികളുടെയും നെൽ കർഷകരുടെയും ഉന്നമനത്തിനായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (എ) | ആലപ്പുഴ മണ്ഡലത്തിൽ കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ്, കയർഫെഡ് എംപ്ലോയീസ് എന്നീ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് വേണ്ടിയുള്ള സംഘങ്ങൾ ഒഴികെ കയർ തൊഴിലാളികളുടെയും നെൽ കർഷകരുടെയും ഉന്നമനത്തിനായി സഹകരണ വകുപ്പിന്റെ കീഴിൽ സംഘങ്ങളൊന്നും രൂപീകരിച്ചിട്ടില്ല.<br><br>കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക സർവ്വീസ് സഹകരണ ബാങ്കുകൾ അംഗങ്ങളായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ള സംഘമാണ് കേരള പാഡി പ്രൊക്യൂർമെന്റ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4905, (KAPCOS). പാലക്കാട് ജില്ല ഒഴികെ കേരളത്തിലെ മറ്റ് ജില്ലകളെല്ലാം പ്രവർത്തന പരിധിയായി രൂപീകരിച്ചിട്ടുള്ള ടി സംഘത്തിന്റെ ആസ്ഥാനം കോട്ടയം ജില്ലയാണ്. കോട്ടയം ജില്ലയോട് ചേർന്ന് കിടക്കുന്നതും കേരളത്തിലെ നെല്ല് ഉല്പാദനത്തിൽ നല്ലൊരു പങ്ക് സംഭാവന ചെയ്യുന്നതുമായ ആലപ്പുഴ ജില്ലയിലെ പ്രത്യേകിച്ച് കുട്ടനാട്ടിലെയും അപ്പർ കുട്ടനാട്ടിലെയും നെൽകർഷകർക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിനായി കോട്ടയം ജില്ലയിലെ കിടങ്ങൂർ വില്ലേജിൽ കുടല്ലൂർ കരയിൽ സംഘത്തിന്റെ പേരിലുള്ള 9 ഏക്കർ 62 സെന്റ് സ്ഥലത്ത് ആധുനിക റൈസ് മിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.<br><br>സംഘത്തിന്റെ പ്രവർത്തനപരിധിയിലുള്ള നെൽകർഷകർക്ക് ന്യായമായ വരുമാനം ഉറപ്പാക്കുകയും സാധാരണക്കാർക്ക് കുറഞ്ഞവിലയിൽ അരി ലഭ്യമാക്കുകയുമാണ് ടി സംഘത്തിന്റെ പ്രധാന ലക്ഷ്യം. 2021-2022 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഡി.പി.ആർ തയ്യാറാക്കുന്നത് ഉൾപ്പെടെയുള്ള പ്രാഥമിക ചെലവുകൾക്കായി 20 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപ (ഓഹരി മൂലധനം) ധനസഹായം അനുവദിച്ചിരുന്നു. സംഘത്തിന്റെ ഉടമസ്ഥതയിലുള്ള കിടങ്ങൂർ വില്ലേജിൽ കുടല്ലൂർ കരയിലുള്ള 9.62 ഏക്കർ സ്ഥലത്ത് ഒരു ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിന് പ്രായോഗിക പഠനം നടത്തുകയും ഊരാളുങ്കൽ ലേബർ ക്രോൺട്രാക്ട് സഹകരണ സംഘം ആധുനിക റൈസ് മില്ലിന്റെ നിർമ്മാണത്തിനായി 80 കോടി രൂപയുടെ ഡി. പി ആർ തയ്യാറാക്കുകയും ആയതിനു സർക്കാരിന്റെ ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രോജക്ട് നടപ്പിലാക്കുന്നതിനാവശ്യമായ ബാക്കി മൂലധനം, ഗ്രാമീണ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ് പദ്ധതിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനു അപേക്ഷ സമർപ്പിക്കുകയും 76 കോടി രൂപയ്ക്ക് നബാർഡിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്.<br><br>ആധുനിക മിൽ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി 08.11.2023 ൽ സംഘം ഊരാളുങ്കൽ ലേബർ ക്രോൺടാക്ട് സഹകരണ സംഘവുമായി കരാറിൽ ഏർപ്പെടുകയും അരി മില്ലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ